# പതിനാലാം കേരള നിയമസഭ
## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2271** — **8.03.2017 -ൽ മറുപടിയ്ക്ക്**

**കന്നേറ്റിക്കായലും വട്ടക്കായലും ടി. എസ്. കനാലും ഉൾപ്പെടുന്ന പ്രദേശങ്ങളെ ആകർഷകമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ :** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പ്രധാന ജലോത്സവമായ ശ്രീ നാരായണ ട്രോഫി വള്ളം കളി നടക്കുന്ന കന്നേറ്റിക്കായലും സമീപത്തുള്ള വട്ടക്കായലും ടി. എസ്. കനാലും ഉൾപ്പെടുന്ന ജലവിതാനങ്ങളെ ഉൾപ്പെടുത്തി വിനോദ സഞ്ചാര വകുപ്പിന്റെ ചുമതലയിൽ ഈ പ്രദേശങ്ങളെ ആകർഷകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (എ) | കന്നേറ്റിക്കായലിൽ ബോട്ട് ജട്ടി, പവലിയൻ എന്നിവ ഉൾപ്പെടുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പന്മന വട്ടക്കായലിൽ ബോട്ട് ജെട്ടി ഉൾപ്പെടയുള്ള ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രദേശങ്ങളെ ഉൾപ്പെടുത്തി ബോട്ടിംഗ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി വകുപ്പിന്റെ പരിശോധനയിലാണ്. |
| (ബി) | പൊതു ജനങ്ങൾക്കും കുട്ടികൾക്കും പ്രയോജനകരമാകുന്ന രീതിയിൽ കുട്ടികളുടെ പാർക്ക് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ